പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3060

13.07.2015-ൽ മറുപടിക്ക്.

## മുങ്ങൽ വിദഗ്ധർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഫയർ & അന്റ് റെസ്ക്യൂ സർവ്വീസസിന് കീഴിൽ പരിശീലനം നൽകി രൂപീകരിച്ചിട്ടുള്ള SCUBA മുങ്ങൽ വിദഗ്ധരുടെ എത്ര ടീമുകൾക്ക് രൂപം നൽകിയിട്ടുണ്ട്; ആകെ എത്ര പേരാണ് ഈ സംഘത്തിൽ നിലവിലുള്ളത്; | : (എ) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ കീഴിൽ പരിശീലനം നൽകി മുങ്ങൽ വിദഗ്ധരുടെ 12 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ആകെ 142 പേരാണ് ഈ സംഘത്തിലുള്ളത്. |
| (ബി) പ്രസ്തുത ടീമിലെ അംഗങ്ങൾക്ക് അപകടം പിടിച്ച പാറമടകളിലും കുളങ്ങളിലും പലപ്പോഴും 120 അടിയോളം താഴ്ചയിൽ രക്ഷാ പ്രവർത്തനത്തിനായി മുങ്ങൽ നടത്തേണ്ടി വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പലപ്പോഴും ഇത്തരത്തിൽ 120 അടിയോളം താഴ്ചയിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത് ഈ ടീമിലെ അംഗങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയാക്കുമെന്നും അപകട സാധ്യതയുണ്ടാക്കുന്നതാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആഴത്തിൽ മുങ്ങുന്നതിന് ആവശ്യമായ പ്രത്യേക സ്യൂട്ട്, ഓക്സിജൻ മാസ്ക്, സിലിണ്ടർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; | : (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രത്യേക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) അതീവ അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത ടീമാംഗങ്ങൾക്ക് യാതൊരുവിധ പ്രത്യേക അലവൻസുകളും നൽകുന്നില്ലന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രത്യേക വിഭാഗത്തിന് പ്രത്യേക അലവൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുമോ: | : (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ടീമിന് പ്രത്യേക അലവൻസ് ഏർപ്പെടുത്തുന്നതിനായി ശമ്പള കമ്മീഷൻ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) ഈ വിഭാഗത്തിന് പ്രത്യേക വാഹന സൗകര്യം ലഭ്യമാണോ; വാഹന സൗകര്യം ലഭ്യമല്ലാത്തത് ഈ ടീമിന്റെ രക്ഷാ ദൗത്യങ്ങളെ പലപ്പോഴും ബാധിക്കാറുള്ള സാഹചര്യത്തിൽ പ്രത്യേക വാഹനം അനുവദിയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ? | : | (ഇ) ഈ വിഭാഗത്തിന് പ്രത്യേക വാഹന സൗകര്യം അനുവദിയ്ക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Vkeena

സെക്ഷൻ ഓഫീസർ